# 5

# ശൗൽ

## മോശമായ അന്ത്യത്തിനു സന്തോഷകരമായ ഒരു തുടക്കം

1 ശമുവേലിലെ ശ്രദ്ധേയരായ പല വ്യക്തികളിൽ ബെന്യാമീൻ ഗോത്രത്തിൽപെട്ട ഒരു യുവകൃഷിക്കാരനുണ്ടായിരുന്നു. തന്റെ അപ്പന്റെ കാണാതെ പോയ കഴുതകളെ അന്വേഷിക്കുന്നവനായിട്ടായിരുന്നു അവനെ ആദ്യം പരിചയപ്പെടുത്തിയിരുന്നത് (9:3–5). അവന്റെ ജീവിതാരംഭത്തിൽ, അവൻ താഴ്മയുള്ളവനും മറ്റുള്ളവരെക്കുറിച്ചു കരുതലുള്ളവനുമായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ, അവൻ നാടകീയമായി മാറി. വിജയിയാകുവാനുള്ള എല്ലാ അവസരവും അവനു ലഭിച്ചിരുന്നു, എങ്കിലും അവൻ ദയനീയമായി പരാജയപ്പെട്ടു! താഴെ കൊടുത്ത സംഭവത്തിലൂടെ അവന്റെ ജീവിതത്തെ ശരിയായി ചിത്രീകരിച്ചിരിക്കുന്നു.

മതത്തെ പരിഹസിക്കുവാനും ദൈവദൂഷണത്തിനു പരസ്പരം പ്രബോധിപ്പിക്കുവാനും അവിശ്വാസികളുടെ ഒരു സമൂഹം ഞായറാഴ്ച്ച കൂടിവന്നിരുന്നു. അവരുടെ പ്രവൃത്തികൾ ബൈബിൾ കത്തിക്കുന്ന നടപടി വരെ എത്തിയിരുന്നു! അവരുടെ ആ ഭയങ്കര കൂട്ടായ്മയിലേക്കു അടുത്തസമയത്ത് ഒരു യുവാവിനെ കൂടി അവർ ഉൾപ്പെടുത്തി. അവൻ വളരെയധികം മതപരമായ അറിവുകൾ അനുഭവിച്ചായിരുന്നു വളർന്നു വന്നത്. ആ ദൈവഭക്തിയില്ലാത്തവരുടെ കൂട്ടത്തിൽ അവൻ സംബന്ധിച്ചപ്പോൾ, അവന്റെ ബൈബിൾ തീജ്വാലയിലേക്കു എറിഞ്ഞുകൊണ്ട് ഇനി ഒരിക്കലും സഭാരാധനക്കു പോകുകയില്ല എന്നു അവൻ പ്രതിജ്ഞ എടുത്തു. അതിനുശേഷം ഉടനെ തന്നെ, അവനു കടുത്ത രോഗം ബാധിച്ചു. ഒരു ക്രിസ്ത്യാനി അവനെ സന്ദർശിച്ചപ്പോൾ, അവൻ വളരെ നിരാശനായിട്ടാണ് കാണപ്പെട്ടത്. അവനെ മാനസാന്തരപ്പെടുവാനായി ആ ക്രിസ്ത്യാനി പ്രബോധിപ്പിച്ചു. ദൈവകരുണയെക്കുറിച്ചു അയാൾ അവനോടു പറഞ്ഞു. യുവാവു പറഞ്ഞു, "നിങ്ങൾ കരുണയെക്കുറിച്ചു എന്നോടു പറയുന്നതെന്ത്? വളരെ താമസിച്ചു പോയി എന്നു ഞാൻ പറയട്ടെ! ഒരിക്കൽ എനിക്കു പ്രാർത്ഥിക്കുവാൻ കഴിയുമായിരുന്നു, എന്നാൽ ഇപ്പോൾ എനിക്കു പ്രാർത്ഥിക്കുവാൻ കഴിയുന്നില്ല. ഞാൻ പ്രാർത്ഥിക്കുകയുമില്ല!" തന്നെ ദൈവദൂഷണത്തിനു നിർബന്ധിച്ചവരെ, ശപിച്ചുകൊണ്ടാണ് അവൻ മരിച്ചതു. അവന്റെ മരണമൊഴികൾ ഇതായിരുന്നു: "എന്റെ ബൈബിൾ! ഓ, എന്റെ ബൈബിൾ!"

ആ യുവാവിന്റേയും, ശൗൽ രാജാവിന്റേയും, അത്യാപത്ത് വിശ്വാസത്യാഗം ആയിരുന്നു. വിശ്വാസത്യാഗം വലിയ ഭീഷണിയായിട്ടാണ് തിരുവെഴുത്തിൽ വരച്ചു കാണിച്ചിരിക്കുന്നത് (ഹോശേയ 4:16; യെശയ്യാവു 1:4; വെളി

പ്പാട് 2:4; 1 തിമൊഥെയൊസ് 6:10, 21; 2 തിമൊഥെയൊസ് 4:4). രക്ഷയിൽ നിന്നു വീണുപോകുന്നതിനെക്കുറിച്ചു നാലു പുസ്തകങ്ങൾ പറയുന്നുണ്ട്:

ബൈബിളിലെ മറ്റു പുസ്തക്കങ്ങളെക്കാൾ, യിരെമ്യാവു
പലപ്പോഴും ഉപയോഗിച്ചിരിക്കുന്നതു "പിൻമാറ്റം" എന്നാണ്.
ഹോശേയയെ ചിലർ "പിന്മാറ്റക്കാരന്റെ സുവിശേഷം"
എന്നാണ് വിളിച്ചിരിക്കുന്നത്.
ഗലാതൃസഭ അറിയപ്പെട്ടത് മനസുറപ്പില്ലാത്തവരായിട്ടാണ്
(ഗലാത്യർ 1:6; 5:7).
ക്രിസ്തുവിലുള്ള വിശ്വാസം വിട്ടുകളയുവാൻ പരീക്ഷിക്കപ്പെട്ട ഒരു കൂട്ടം
വിശുദ്ധന്മാർക്കാണ് എബ്രായലേഖനം എഴുതിയിരിക്കുന്നത്.

വിശ്വാസത്യാഗത്തിന്റെ വ്യക്തമായ ചിത്രീകരണം പഴയനിയമത്തിൽ ശൗൽ നല്കുന്നുണ്ട്. താൻ ഏതിൽ ശക്തനാകേണ്ടിയിരുന്നുവോ അതിൽ അവൻ ബലഹീനനാണെന്നു തെളിയിച്ചു (15:17). അവന്റെ താഴ്മ നിമിത്തമായിരുന്നു അവനെ തിരഞ്ഞെടുത്തത്, എങ്കിലും അവന്റെ രാജസ്ഥാനം അവനെ താഴ്മയിൽനിന്നു അഹങ്കാരത്തിലേക്കും അപകടകരമായ നാശത്തിലേക്കും നയിച്ചു. അത്തരം അത്യാപത്ത് ശ്രദ്ധിക്കപ്പെടേണ്ടതാണ്, കാരണം ദൈവഭക്തിയുള്ള മനുഷ്യൻ ഭക്തിയുടെ കൊടുമുടിയിൽ നിന്നു അവിശ്വാസത്തിന്റെ ആഴത്തിലേക്കു വീണു പോകുന്നു!

## ശൗലിന്റെ ചരിത്രം:
## സന്തോഷകരമായ തുടക്കം

കീശിന്റെ മകനായി, ശൗൽ എഴുന്നേല്ക്കുന്നതിന്റെ വിശദാംശങ്ങൾ ചരിത്രത്തിൽ വിവരിക്കുന്നുണ്ട്. 9:2-ൽ അവനെ പരിചയപ്പെടുത്തുന്നത് അപ്പന്റെ കല്പനകൾ പിൻപറ്റുന്ന, അനുസരണമുള്ള മകനായിട്ടാണ്. കാണാതെ പോയ കഴുതകളെ അന്വേഷിച്ച അവന്റെ പ്രവൃത്തി ഫലശൂന്യമായിരുന്നു, അവസാനം അവൻ സഹായത്തിനു ശമുവേലിലേക്കു തിരിഞ്ഞു. ശമുവേൽ ശൗലിനോടു സംസാരിച്ചതിൽ നിന്നും, യിസ്രായേൽ ആഗ്രഹിച്ച രാജാവായി തീരുവാൻ പോകുന്നവൻ ശൗലാണെന്നു വ്യക്തമായി. ശൗൽ അതു വിശ്വസിക്കുവാൻ കൂട്ടാക്കിയില്ല (9:21). അടുത്ത ദിവസം, ശൗൽ തിരിച്ചു വീട്ടിലേക്കു പോകുവാൻ തുടങ്ങിയപ്പോൾ, അവന്റെ "മനസ് മറ്റൊന്നായി" തീർന്നു (10:9); അവൻ വ്യത്യസ്തനായി മാറി. അവൻ വിട്ടുപോകുമ്പോൾ, ശമുവേൽ ശൗലിനോടു അവൻ യിസ്രായേലിന്റെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന രാജാവു എന്നതു ഉറപ്പിക്കുന്ന മൂന്നു അടയാളങ്ങൾ ലഭിക്കുമെന്നു പറഞ്ഞു. കഴുതകളെ കണ്ടെത്തും (10:2), ആരാധിക്കുവാൻ പോകുന്ന മൂന്നു പുരുഷന്മാരിൽനിന്നു ശൗലിന്നു സമ്മാനം ലഭിക്കും (10:4), ശൗൽ പ്രവാചകന്മാരോടു ചേരും (10:6). ഈ ഉറപ്പുകളുണ്ടായിട്ടുപോലും, താനാണ് യിസ്രായേലിന്റെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന രാജാവു എന്നു അവനു വിശ്വസിക്കുവാൻ പ്രയാസമായിരുന്നു (10:16).

മിസ്പാ യോഗത്തിൽ പരസ്യമായിട്ടാണ് പുതിയ രാജാവായി, ശൗലിനെ പ്രഖ്യാപിച്ചത് (10:17–27). മത്സരമില്ലാതെ രാജാവായി തീർന്ന ശൗൽ കിരീടധാരണത്തിനു മുമ്പോട്ടു പോയില്ല. അവന്റെ ഒതുക്കവും താഴ്മയും വളരെ

മനോഹരമായി പ്രകടമാക്കി (10:22). അവൻ നിയമിതനായപ്പോൾ, വിമർശനത്തെ സ്തുത്യർഹമായ രീതിയിൽ പ്രതികരിക്കുവാൻ അവന്റെ താഴ്മ അവനെ പ്രാപ്തനാക്കി (10:27). അവനു പ്രതികാരമോ, പകരം വീട്ടുന്ന മനോഭാവമോ ഉണ്ടായിരുന്നില്ല. അവൻ നല്ല സ്വയനിയന്ത്രണം ഉള്ളവനായിരുന്നു. വേദഭാഗം അക്ഷരികമായി വായിക്കുന്നതു, "അവൻ ഊമനെപോലെ പ്രതികരിച്ചു" എന്നാണ്. അവ മുമ്പ് പറഞ്ഞുകേട്ടിട്ടില്ലാത്തതുപോലെ അവരുടെ വാക്കുകളോടു അവൻ പെരുമാറി.

കിരീടധാരണത്തിനു ശേഷവും അവൻ താഴ്മയുള്ളവനായിരുന്നു - അവൻ വീട്ടിലേക്കു പോയത് ഉഴുവാനായിരുന്നു! (10:26; 11:5). ഒരു യുവാവായിരുന്നതുകൊണ്ട് ശ്രദ്ധേയമായ ഒരാത്മാവു അവനിൽ ഉണ്ടായിരുന്നു. അവൻ അഹങ്കാരം നിയന്ത്രിച്ചു, പ്രതികാരമോഹത്തെ കീഴ്പ്പെടുത്തി, സ്വന്തമഹത്വവും പുകഴ്ച്ചയും വേണമെന്ന ആഗ്രഹത്തെയും അതിജീവിച്ചു! അവനെ നിങ്ങൾക്കു ആരാധനയോടെ മാത്രമേ കാണുവാൻ കഴിയൂ!

പുതുതായി നിയമിക്കപ്പെട്ട രാജാവു ശരിക്കും പരീക്ഷിക്കപ്പെട്ടുവെന്നു യാബേശ്-ഗിലയാദിൽ നടന്ന സംഭവങ്ങൾ തെളിയിക്കുന്നു (11:1-15). യെഫ്തഅമോന്യരെ കീഴ്പ്പെടുത്തിയിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവർ യാബേശിനെ വളഞ്ഞിരിക്കുന്നു. ഒരു അന്ത്യശാസനം കൊടുത്തിരുന്നു (11:2) അതു നിഷ്ഫലമായ യുദ്ധത്തിലേക്കു ആളുകളെ വലിച്ചിഴച്ചു. നിരാശകൊണ്ട് അവർ ഗിബെയയിലേക്കു ഓടിപ്പോയി കാരണം ന്യായാധിപന്മാർ 20; 21-ൽ പറയുന്ന യുദ്ധത്തിലെ രക്ത - ബന്ധം ഓർമ്മിപ്പിച്ചു. ശൗൽ ഇതു കേട്ടപ്പോൾ, സൈന്യവുമായി ചെന്നു അമോന്യരെ അവൻ പൂർണ്ണമായും തോൽപിച്ചു (11:6-11). ശൗൽ അധികാരമേറ്റതു അതിശയകരമായ ഒരു തുടക്കമായിരുന്നു, യിസ്രായേൽ മുഴുവൻ ആഹ്ലാദം നിറഞ്ഞു കവിഞ്ഞു (11:15).

### ശൗലിന്റെ ചരിത്രം: ദുഃഖകരമായ അധഃപതനം

ദൈവജനത്തിന്റെ രാജാവായിരുന്ന ശൗലിന്റെ പ്രാരംഭ ജോലികൾ വിജയിക്കുവാൻ കാരണം അവനു ദൈവഭക്തിയുണ്ടായിരുന്നതുകൊണ്ടാണ് (11:13). കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, അവന്റെ മനസു മാറുവാൻ തുടങ്ങി, ആ മാറ്റം യിസ്രായേലിലും മാറ്റമുണ്ടാക്കി. ശൗലിന്റെ പരാജയം 1 ശമുവേലിൽ വ്യക്തമാക്കിയിട്ടുണ്ട്.

നാശത്തിന്റെ സൂചന ആദ്യമായി നാം കാണുന്നത് ഫെലിസ്ഥ്യർ യിസ്രായേലിനെ ആക്രമിച്ചപ്പോഴായിരുന്നു (13:6). ദേശം മുഴുവൻ ഭയം നേരിടുകയും, രാജാവു സൈന്യത്തെ ഒരുക്കി ശത്രുവിനെ എതിരിടുകയും ചെയ്തു. ഒരു യാഗം അർപ്പിക്കുവാനായി ശൗൽ ശമുവേലിനായി കാത്തിരുന്നു, എന്നാൽ പ്രവാചകൻ വന്നില്ല. ദിവസങ്ങൾ കടന്നുപോയപ്പോൾ, പരിത്യജിക്കൽ കാരണം സൈന്യത്തിന്റെ റാങ്കിൽ കുറവു വന്നു (13:7, 8). ക്ഷുഭിതനായ ശൗൽ തന്നെത്താൻ യാഗം കഴിച്ചു (13:9). ശമുവേൽ രാജാവിനെ നിശിതമായി ശാസിക്കയുണ്ടായി എന്നാൽ പ്രവാചകന്റെ വാക്കുകൾ കാര്യമാക്കിയില്ല (13:10, 11, 13, 14). ഇതു ശൗലിന്റെ വീഴ്ച്ചയുടെ ആരംഭത്തെ കാണിക്കുന്നു.

ശൗലിന്റെ നാശത്തെ കുറിച്ചുള്ള അടുത്ത സൂചന കാണുന്നത് 15:9-ലാണ്:

> എന്നാൽ ശൗലും ജനവും ആഗാഗിനേയും ആട്, മാട്, തടിച്ച മൃഗം എന്നിവയിൽ മേത്തരമായവയെയും, കുഞ്ഞാടുകളെയും, ഉത്തമമായവയെ ഒക്കെയും, നിർമ്മൂലമാക്കുവാൻ മനസില്ലാതെ ജീവനോടെ സൂക്ഷിച്ചു; ഹീനവും നിസാരവുമായവയെ ഒക്കെയും, അവർ നിർമ്മൂലമാക്കിക്കളഞ്ഞു.

ഇവിടെ അവൻ ദൈവത്താൽ അന്തിമമായി ത്യജിക്കപ്പെട്ടു. ഫെലി സ്ത്യരെ ആക്രമിച്ച് അനേക വർഷങ്ങൾ കഴിഞ്ഞു, ഈ കാലയളവിൽ ശൗലിനു അത്ഭുതകരമായ വിജയം ലഭിച്ചു. അവന്റെ സൈന്യം വർദ്ധിക്കുകയും നിരവധി യുദ്ധങ്ങൾ ജയിക്കുകയും, അവന്റെ വീട്ടിൽ സമ്പൽസമൃദ്ധിയുണ്ടാകുകയും, അവന്റെ മനസു തികഞ്ഞ പ്രമാണമായി തീരുകയും ചെയ്തു (14:47, 48). എന്നാൽ 15:9 നോക്കുമ്പോൾ ശൗലിനു ഭയങ്കര പരാജയം നേരിട്ടു എന്നു കാണാം. അവൻ അമാലേക്യരെ പൂർണ്ണമായും നശിപ്പിക്കാതിരുന്നതുകൊണ്ട്, തിരുവെഴുത്തിലെ ഏറ്റവും വലിയ ശാസനക്കു അവൻ വിധേയനായി തീർന്നു. ശൗലിനു ദൈവം ആവശ്യമുള്ളതെല്ലാം നൽകിയിട്ടും, അവൻ അത്യാഗ്രഹിയാകുകയും അത് അവന്റെ ജീവിതത്തെ നശിപ്പിക്കയും ചെയ്തു. അവനെ നിയന്ത്രിച്ചിരുന്ന മനോഭാവം ദൈവത്തോടുള്ള മത്സരമായിരുന്നു (15:23).

തന്റെ പാപത്തെക്കുറിച്ചുള്ള ശൗലിന്റെ പ്രസ്താവനകൾ ആത്മാർ ത്ഥമായിരുന്നില്ല കാരണം തന്റെ നിയന്ത്രണത്തിൽ നിലനിർത്തുവാനുള്ള അവന്റെ ആഗ്രഹത്തെ അവ മറച്ചു (15:25–30). അവൻ ആളുകളുടെ മുമ്പിൽ നല്ലവനായി അറിയപ്പെടുവാൻ ആഗ്രഹിച്ചു, അതിനുള്ള ഏക വഴി ശമുവേലിന്റെ സ്നേഹിതനായി കാണപ്പെടണമെന്നതായിരുന്നു. അവന്റെ താഴ്മ സത്യസന്ധമല്ലാത്ത സ്വാർത്ഥതയ്ക്കു വഴി മാറിക്കൊടുത്തു!

അനന്തരഫലങ്ങൾ ഖേദകരമായിരുന്നു:

> അനന്തരം യഹോവ ശമുവേലിനോടു, "യിസ്രായേലിലെ രാജസ്ഥാനത്തിൽനിന്നു ഞാൻ ശൗലിനെ തള്ളിയെന്നറിഞ്ഞിരിക്കെ, നീ അവനെക്കുറിച്ചു എത്രത്തോളം ദുഃഖിക്കും? കൊമ്പിൽ തൈലം നിറെച്ചു, പുറപ്പെടുക; ഞാൻ നിന്നെ ബേത്ത്ലേഹെമ്യനായ യിശ്ശായിയുടെ അടുക്കൽ അയക്കും, അവന്റെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു എന്നു കല്പിച്ചു" (16:1)

വാക്യത്തിലെ എബ്രായ സംസാരത്തിൽ, അവൻ അനുവദിക്കുന്നതിനെ ചിലപ്പോൾ ചെയ്യുവാൻ സർവ്വശക്തനോടു പറയുന്നുണ്ട്. അതാണ് ശൗലിന്റെ കാര്യത്തിൽ സംഭവിച്ചത് (ഒ.വാ. ഇയ്യോബ് 1:6–12; ലൂക്കൊസ് 22:31). ശൗൽ ദൈവത്തെ ത്യജിച്ചു കളഞ്ഞതു മത്സരത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ടാണ്. അവൻ ഇപ്പോൾ തന്റെ തീരുമാനങ്ങളെ നിയന്ത്രിക്കുവാനും നയിക്കുവാനും തിന്മയെ അനുവദിച്ചു തുടങ്ങി.

അപകടം സ്പഷ്ടമായി തിരിച്ചറിഞ്ഞ് ശൗൽ തന്റെ അനുസരണക്കേടിനു പകരമായി യോഗ്യതാ പ്രവൃത്തികൾ ചെയ്തു ദൈവസഹായം പുതുക്കാൻ ശ്രമിച്ചു. ദൈവശിക്ഷ നിഷ്പ്പക്ഷമാക്കുവാൻ ശൗൽ രണ്ടു കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ചു. ജിബെയോന്യരെ അവൻ നശിപ്പിക്കുവാൻ തുട

ങ്ങി (ഒ.വാ. 2 ശമുവേൽ 21:2) ആത്മീയതക്കെതിരായി നിയമവും ചെലുത്തി (28:9). എന്നാൽ ശൗലിന്റെ വാഴ്ച്ച വിധിക്കപ്പെട്ടിരുന്നു. അവന്റെ ഹൃദയത്തിലെ ദോഷം അവന്നു ചുറ്റും വഷളാക്കിതീർത്തു. അവൻ മറ്റു രാജാക്കന്മാരെപോലെ തലയിൽ കെട്ടുള്ളവനായി (2 ശമുവേൽ 1:10); തന്റെ പ്രാകാരത്തിലെ ആഡംബരം കൂടുതൽ മോടി പിടിപ്പിച്ചു (2 ശമുവേൽ 1:24); കണ്ടുപിടിക്കുവാൻ പ്രയാസമാംവണ്ണം അവന്റെ പുത്രന്മാർക്കു പേരിടുന്നതിൽ യഹോവയുടേയും ബാലിന്റേയും ആരാധന കൂട്ടിക്കലർത്തുകയും; അവൻ വെപ്പാട്ടികളെ എടുക്കുകയും ചെയ്തു.

ശൗലിന്റെ അധഃപ്പതനം അവനെ അടിക്കടി വിഷാദത്തിലാഴ്ത്തി. ആട്ടിടയനായിരുന്ന ഒരു ബാലൻ സംഗീതം വായിച്ചു രാജാവിനെ ആശ്വസിപ്പിച്ചു (16:19). എന്നാൽ യുവാവായിരുന്ന ദാവീദിന്റെ സാന്നിധ്യം ശൗലിന്റെ ഹൃദയത്തിൽ വിഷം കലക്കിതുടങ്ങി. ഗോല്യാത്തിനെ ദാവീദ് വീഴ്ത്തി കഴിഞ്ഞപ്പോൾ, ശൗലിന്റെ വിചാരത്തിൽ അസൂയയും വെറുപ്പും സ്ഥാനം പിടിച്ചു. അങ്ങനെ ഭ്രാന്തനായ ശൗൽ ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചു. ആദ്യം, തന്റെ വഞ്ചനയാൽ, ഫെലിസ്ത്യർ അതു ചെയ്തുകൊള്ളും എന്നു വിചാരിച്ചു (18:21). അവസാനം, അവൻ ദാവീദിനെതിരെ പരസ്യമായ നടപടി എടുത്തു (19:1). ദാവീദിനെതിരായ കയ്പ്പേറിയ വെറുപ്പിൽനിന്നും അവനെ പിന്തിരിപ്പിക്കുവാൻ ഒന്നിനും കഴിഞ്ഞില്ല. രണ്ടു പ്രാവശ്യം രാജാവിനെ കൊല്ലാതിരുന്നു, എങ്കിലും ദാവീദിന്റെ ദാക്ഷിണ്യത്തിനൊന്നും ശൗലിന്റെ കഠിന ഹൃദയത്തെ മാറ്റുവാനായില്ല. പകയാൽ പുകയുന്ന ഒരു മനുഷ്യനായി തീർന്ന ശൗൽ തരം താഴ്ത്തപ്പെട്ടു. ശൗലിന്റെ താഴ്മ പൊയ്പ്പോയി. ക്രമേണ, പ്രാരംഭത്തിൽ ഉണ്ടായിരുന്ന ആഹ്ലാദം നഷ്ടപ്പെട്ടതുകൊണ്ടു അവന്റെ പിന്നീടുള്ള ജീവിതം ഇരുട്ടു നിറഞ്ഞതായി മാറി.

എൻദോരിൽ നടന്ന സംഭവത്തോടെ അവന്റെ അധഃപതനം പൂർണ്ണമായി (28:3–25). ഗോല്യാത്ത് മരിച്ച് വർഷങ്ങൾ പിന്നിട്ടു. ശൗലിൽ നിന്നു അഭയത്തിനായി ദാവീദ് വർഷങ്ങൾ അലഞ്ഞുതിരിഞ്ഞു. ശൗലിന്റെ പഴയ ശത്രുക്കളായ, ഫെലിസ്ത്യർ, ഒരിക്കൽകൂടെ യിസ്രായേലിൽ ആക്രമിക്കുവാൻ വന്നു. എസ്ദ്രലോൺ സമഭൂമിയിൽ കൂടിയുള്ള വ്യാപാര മാർഗ്ഗമായിരുന്നു ഫെലിസ്ത്യരുടെ ലക്ഷ്യം എന്നു വ്യക്തം. ഗിൽബോ പർവ്വതത്തിൽ ശൗൽ തന്റെ സൈന്യത്തെ സംഘടിപ്പിച്ചുനിർത്തി, എന്നാൽ അവന്റെ ധൈര്യം ചോർന്നുപോയിരുന്നു (28:5; ഒ.വാ. ഇയ്യോബ് 23:8). അവന്നു സഹായം ആവശ്യമായിരുന്നു, എന്നാൽ ദൈവം നിശ്ശബ്ദനായിരുന്നു. ആലോചനക്കായി രാജാവു വെളിച്ചപ്പാടത്തിയുടെ അടുക്കൽ ആളയച്ചു (28:6, 7), എന്നാൽ ശമുവേൽ പ്രത്യ ക്ഷനായപ്പോൾ വേഷം മാറിയ രാജാവിന്റെ തന്ത്രം പുറത്തായി (28:12). പഴയ പ്രവാചകൻ, ശമുവേൽ, ശൗലിനു ആശ്വാസമോ പ്രത്യാശയോ നല്കിയില്ല, കാരണം അവന്റെ നാശത്തെ മാറ്റുവാൻ മറ്റൊന്നിനും കഴിയുമായിരുന്നില്ല (28:16). ശമുവേലിന്റെ സന്ദേശം കേട്ടപ്പോൾ ശൗൽ തകർന്നു പോയി (28:20). ആ വെളിച്ചപ്പാടത്തിയുടെ വീടിന്റെ മൺതറയിൽ വീണുകിടന്ന ശൗലിന്റെ മനസിലൂടെ കടന്നുപോയ ചിന്തകളെ ഒന്നു ഊഹിച്ചുനോക്കുക. താൻ യഹോവയോടു മത്സരിച്ചതിന്റെ ഫലമായി അവനിൽ പടി-പടി-ആയി സംഭവിച്ച പതനത്തെ അവൻ ഒരു പക്ഷെ അയവിറക്കിക്കൊണ്ടു കിടന്നേക്കാം.

ശൗലിന്റെ അധഃപ്പതനം ഗിൽബോ പർവ്വതത്തിൽ വെച്ചു പൂർണ്ണമായി

(31:1-6). ഇരു സൈന്യങ്ങളും അന്യോന്യം എതിരായി ഏറ്റുമുട്ടി, യുദ്ധം തുടങ്ങി. ശൗലിന്റെ സൈന്യം പരാജയപ്പെടുകയും, പർവ്വതം രക്തത്താൽ മൂടപ്പെടുകയും ചെയ്തു. ശൗൽ മുറിവേല്ക്കപ്പെട്ടപ്പോൾ പിടിക്കപ്പെടാതിരിക്കേണ്ടതിനു ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ചു, എന്നാൽ അവന്റെ പരിശ്രമം പരാജയപ്പെട്ടു. ഒരു അമാലേക്യൻ അവനെ കൊന്നു (2 ശമുവേൽ 1:1-10). നന്ദിയുള്ള യാബേശ് - ഗിലയാദിലെ നിവാസികൾ ശൗലിന്റേയും അവന്റെ മക്കളുടേയും ശരീരവും അസ്ഥികളും ശരിയായി മറവു ചെയ്തു (31:13).

## ശൗലിന്റെ ചരിത്രം:
## ദുർബലമാകുന്ന സ്വാധീനം

ശൗലിന്റെ ജീവിതത്തെ കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതിൽനിന്നു, അവന്റെ ദുഃഖപര്യവസാനത്തിനു ഏകകാരണമായി കാണപ്പെടുന്നത് - സ്വാർത്ഥതയാകുന്നു. അവൻ തന്റെ ദൃഷ്ടി ദൈവത്തിൽനിന്നു തന്നിലേക്കു മാറ്റി. സ്വാർത്ഥത അവന്റെ തകർച്ചക്കു കാരണമാവുകയും ക്രമേണ അത് അവനെ കൊല്ലുകയും ചെയ്തു. (11:13-നെ 15:12; 18:8; 15:7 എന്നിവയുമായി താരതമ്യപ്പെടുത്തുക.)

സ്വാർത്ഥത അവനെ വാണപ്പോൾ, ശൗലിന് അഹങ്കാരം, പ്രതികാരം, ഭൗതികത എന്നിവയിലുള്ള അവന്റെ നിയന്ത്രണം നഷ്ടമായി. സ്വാർത്ഥത തന്നെ ഭരിക്കുവാൻ അവൻ അനുവദിച്ചപ്പോൾ, അവൻ വിഷാദനും ദുർമ്മുഖനുമായി തീർന്നു. അവൻ കുലപാതകിയുടെ ഹൃദയത്തെ ഒറ്റിക്കൊടുക്കയും വളരെ മോശമായി മരിക്കുകയും ചെയ്തു (യെശയ്യാവു 56:11; യിരെമ്യാവു 17:11).

ഗിൽഗാലിൽ വെച്ചു യാഗം കഴിക്കുവാൻ അവനെ നിർബ്ബന്ധിച്ചതു സ്വാർത്ഥത നിമിത്തമായിരുന്നു (13:9). അവൻ ദൈവത്തെ സേവിക്കുവാൻ മടിക്കുകയും സ്വയഭരണം നടത്തുകയും ചെയ്തു. വിശ്വാസത്തിൽ ദൈവത്തിനായി കാത്തിരിക്കുവാൻ അവനു കഴിഞ്ഞില്ല. ശൗലിന്നു, ദൈവം വളരെ മന്ദമായി പ്രവർത്തിക്കുന്നു എന്നു തോന്നുകയും, അവനു കാത്തിരുന്നു മടുക്കുകയും ചെയ്തു (സദൃശവാക്യങ്ങൾ 30:8, 9).

സ്വാർത്ഥത നിമിത്തം ശൗലിനു തന്റെ പരാജയം കാണുവാൻ കഴിഞ്ഞില്ല. ഒന്നു ശമുവേൽ 13:11, 12 പറയുന്നു:

> ശമുവേൽ പറഞ്ഞത്, ''നീ ചെയ്തതു എന്തു?'' അതിന്നു ശൗൽ, ''ജനം എന്നെ വിട്ടു ചിതറുന്നു എന്നും, നിശ്ചയിച്ച അവധിക്കു നീ എത്തിയില്ല എന്നും, ഫെലിസ്ത്യർ മിക്മാസിൽ കൂടിയിരിക്കുന്നു എന്നും, ഞാൻ കണ്ടിട്ടു, 'ഫെലിസ്ത്യർ ഇപ്പോൾ ഇങ്ങു ഗിൽഗാലിൽ വന്നു എന്നെ ആക്രമിക്കും, ഞാൻ യഹോവയോടു കൃപക്കായി അപേക്ഷിച്ചതുമില്ലല്ലോ.' എന്നുവെച്ചു ഞാൻ ധൈര്യപ്പെട്ടു ഹോമയാഗം കഴിച്ചു പോയി'' എന്നു പറഞ്ഞു.

ചുരുക്കമായയി, അവൻ പറഞ്ഞു, "ഞാൻ അതു ചെയ്യണമെന്നാഗ്രഹിച്ചതല്ല, പക്ഷെ എന്നെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ല! സാഹചര്യം എന്നെ അതിനു നിർബ്ബന്ധിതനാക്കി!" (ഒ.വാ. 15:19-21; മീഖാ 2:2.)

അമാലേക്യരെ ഒഴിവാക്കുവാൻ പ്രേരിപ്പിച്ചതു ശൗലിന്റെ സ്വാർത്ഥത

കാരണമായിരുന്നു (15:9). അവന്നു എന്താണ് നല്ലതെന്നു അവന്റെ അത്യാഗ്രഹം തീരുമാനിച്ചു (15:19). ഗിൽബോ പർവ്വതത്തിൽ വെച്ചു ശൗൽ മരിക്കുവാനിടയായത് ഒരു അമാലേക്യന്റെ വാൾ നിമിത്തമായിരുന്നു! സ്വാർത്ഥത എല്ലായ്പോഴും നഷ്ടം വരുത്തും (മത്തായി 16:26; ഹഗ്ഗായി 1:6). തന്റെ ആദ്യകാലത്ത്, ശൗൽ സ്വാർത്ഥതയെ നിയന്ത്രിച്ചിരുന്നു. പതുക്കെ എപ്പോഴോ, ആ നിയന്ത്രണം കുറയുകയും അവസാനം നഷ്ടമാകുകയും ചെയ്തു. അപ്പോൾ അവന്നു ദുരവസ്ഥ നേരിട്ടു! (15:19; സദൃശവാക്യങ്ങൾ 16:18).

### ശൗലിന്റെ ചരിത്രം:
### പ്രധാനപ്പെട്ട പാഠങ്ങൾ

കർത്താവിന്നായി "കാത്തിരിക്കുക" എന്നത് എത്ര പ്രാധാന്യമുള്ള കാര്യമാണ്. കാര്യങ്ങൾ ഒരിക്കലും നിങ്ങൾ സ്വന്തമായി കൈകാര്യം ചെയ്യരുത്.

പിൻമാറി പോയ ഒരു പിതാവിന്റെ സ്വാധീനം എത്ര ദൂര – വ്യാപകവും ദുഃഖകരവുമായ ഫലമാണുണ്ടാക്കുന്നത് (31:2; 2 ശമുവേൽ 21:1–10). തന്റെ പ്രവൃത്തികൾ നിമിത്തം, ശൗലിന്റെ കുടുംബം മുഴുവനും കഷ്ടതയേറ്റു!

ഏതു – സമയത്തും ദൈവത്തിൽനിന്നു പിൻമാറുന്നതു എത്ര ഭീതിജനകമായ യാഥാർത്ഥ്യമാണ് (17:11; 18:12; 28:16). പൊതുവായ പരീക്ഷണങ്ങൾ നമുക്കെല്ലാവർക്കുമുണ്ട്, പരീക്ഷണങ്ങൾ നമ്മെ പ്രലോഭിപ്പിക്കും, എന്നാൽ നാം അതിനു വശംവദരാകരുത്. ആന്തരികമനുഷ്യനെ നാം ദിവസേന ക്രൂശിക്കണം.

പിൻമാറി പോയ ഒരു വിശ്വാസിയുടെ ഹൃദയം എത്ര കഠിനപ്പെടുവാൻ സാധ്യതയുണ്ട് (24:17). മാനസാന്തരപ്പെടുന്നു എന്നു ഭാവിക്കുവാൻ സാധ്യതയുണ്ട്, എന്നാൽ അതു ദുഷ്ടഹൃദയത്തെ പാപത്തിന്റെ ആഴത്തിലേക്കു മാത്രമേ നയിക്കുകയേയുള്ളു!

സ്വാർത്ഥരാവുക എന്നത് എത്ര പരീക്ഷിക്കപ്പെടാവുന്നതാണ്, എന്നാൽ സ്വാർത്ഥതയുടെ അനന്തരഫലം എത്ര ആപൽക്കരമാണ് (1 കൊരിന്ത്യർ 10:24; 2 കൊരിന്ത്യർ 5:15; സദൃശവാക്യങ്ങൾ 1:19; 15:27).

നാം നമ്മിൽനിന്നു എല്ലാ "അമാലേക്യരേയും" പുറത്താക്കണം! അതിൽ നാം പരാജയപ്പെട്ടാൽ, പിൽക്കാലത്തു അവർ എഴുന്നേറ്റു നമ്മെ നശിപ്പിക്കും! കൊലൊസ്യർ 3:5–9 നമ്മെ മുന്നറിയിക്കുന്നു:

> ... ഇപ്പോഴോ, നിങ്ങളും: കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്ക്ക് പറയരുത്, നിങ്ങൾ പഴയമനുഷ്യനെ അവന്റെ പ്രവൃത്തികളോട് ഉരിഞ്ഞുകളഞ്ഞു.

### ഉപസംഹാരം

ചാവുകടൽക്കരയിലുണ്ടായിരുന്ന ഉത്തമ വൃക്ഷങ്ങളിൽ ശേഷിച്ചവ യോർദ്ദാൻ നദിയിലെ വെള്ളപ്പൊക്കത്താൽ പിഴുതെടുത്തു ഉപ്പുവെള്ളത്തിലേക്കു കൊണ്ടുപോയി. ആ വൃക്ഷങ്ങൾ ഫലം പുറപ്പെടുവിക്കേണ്ടതിനും തണൽ നൽകേണ്ടതിനും ദൈവത്താൽ നട്ട ജീവിതങ്ങളെ ഓർമ്മിപ്പിക്കുന്നു എന്നാൽ അതിന്റെ ഉദ്ദേശ്യം നിറവേറുന്നതിൽ പരാജയപ്പെട്ടതായി

കാണാം. അവ ഇപ്പോൾ നിർജീവമായും പാഴായും കിടക്കുന്നു. ദുരന്തസം ഭവങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നവരുടെ ജീവിതങ്ങളുടെ വിവരങ്ങൾ ശേഖരിച്ചാൽ, ഏറ്റവും കൂടുതൽ അനുഭവിച്ചവരിൽ പ്രധാനിയായിരുന്നു ശൗൽ!

ശൗലിന്റെ വാഴ്ച്ച നന്നായിട്ടാണ് തുടങ്ങിയത്. എന്നാൽ അവന്റെ സ്വാർത്ഥത അവനെ അഹങ്കാരത്തിലേക്കും, കഠിനഹൃദയത്തിലേക്കും, അനു സരണക്കേടിലേക്കും നയിച്ചു. അവന്റെ ഇന്നത്തെ പാരമ്പര്യം നീതിക്കു പ്രസിദ്ധിയാർജ്ജിച്ച ഒരു രാജകീയഭരണാധികാരിയുടേതായിരുന്നില്ല. അവന്റെ വാഴ്ച്ച അറിയപ്പെട്ടത് അഴിമതിയുടേയും ആത്മാർത്ഥതയില്ലായ്മയുടേതുമാ യിരുന്നു. ആത്മാർത്ഥതയുള്ള എല്ലാവരും ഇതു ശ്രദ്ധിക്കണം. ശൗലിനെപോലെ പരാജയപ്പെട്ടവർക്കു എവിടേയാണ് പരാജയം സംഭവിച്ച തെന്നറിഞ്ഞ് വിജയിക്കുവാൻ ഒരു ഗിൽബോ വയലുണ്ട്! (1 കൊരിന്ത്യർ 10:12).